ചെമ്മീൻപരിപ്പിന്റെ വിലയിടിവ്.

* 1051. [51] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെമ്മീൻപരിപ്പിന്റെ വിലയിടിവു നിമിത്തം തീരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സാമ്പത്തികമായി വലിയ കഴപ്പം അനുഭവിക്കേണ്ടിവരുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബർമ്മായിൽ ചെമ്മീൻപരിപ്പ് കയറ്റി അയയ്ക്കുന്നതിന് പ്രതിബന്ധമുള്ളതുകൊണ്ട് ചെമ്മീൻപരിപ്പിന് പുതിയ മാർക്കറ്റുകൾ കണ്ടുപിടിക്കുന്നതിന് വല്ല ശ്രമവും ചെയ്യുന്നുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ചെമ്മീൻ പരിപ്പിന്റെ വിലയിടിവു നിമിത്തം തീരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സാമ്പത്തിക കഴപ്പം അനുഭവിക്കേണ്ടി വരുന്നുണ്ടെന്നു ഗവണ്മെന്റിനറിയാം.

(ബി) ചെമ്മീൻപരിപ്പിനു പുതിയ മാർക്കറ്റുകൾ കണ്ടുപിടിക്കുന്നതിനു ഗവണ്മെന്റ് ശ്രമിക്കുന്നുണ്ട്.

കൊല്ലം തുറമുഖം.

* 1052. [52] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം പോർട്ടിൽ പണിയുവാനുദ്ദേശിച്ചിരിക്കുന്ന പീയർ നീണ്ടകരയിലേയ്ക്ക് മാറ്റി പണിയണമെന്നു് എന്തെങ്കിലും ഉപദേശം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) നീണ്ടകരയിലേയ്ക്ക് മാറ്റരുതെന്നു് ഗവണ്മെന്റിനു നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ ഗവണ്മെന്റ് എന്തു് തീരുമാനമെടുത്തു ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) പീയർ കൊല്ലത്തുതന്നെ പണിയുവാനാണ് ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നതു്.

അദ്ധ്യാപകന്മാരുടെ സ്ഥലം മാറ്റം.

* 1053. [53] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദൂരസ്ഥലങ്ങളിൽ ജോലിനോക്കുന്ന അദ്ധ്യാപകന്മാർക്ക് കഴിവതും അവരുടെ നാടിനോടു സമീപിച്ചുള്ള സ്ഥലങ്ങളിലേയ്ക്ക് സ്ഥലം മാറ്റം കൊടുക്കണമെന്നുള്ള നയം ഈ ഗവണ്മെന്റിനുണ്ടോ ;

(ബി) എങ്കിൽ ആ നയം അനുസരിച്ച് ഉദ്യോഗസ്ഥന്മാർ സ്ഥലംമാറ്റം കൊടുത്തില്ലെന്നു് ഗവണ്മെന്റിനു് പരാതി ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly